## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3593 — 19/02/2013 ൽ മറുപടിയ്ക്ക്

### മൊബൈൽ ടവറുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എസ്. രാജേന്ദ്രൻ | ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |

(എ) മൊബൈൽ ടവറുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങളും നിബന്ധനകളും എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(എ) ഇത് സംബന്ധിച്ച നിബന്ധനകൾ കേന്ദ്ര ടെലികമ്മ്യൂണിക്കേഷൻസ് വകുപ്പാണ് ഉണ്ടാക്കുന്നത്.

a. കേന്ദ്ര ടെലികമ്മ്യൂണിക്കേഷൻ വകുപ്പിന്റെ അനുമതി.

ഇതിനായി നിർമ്മാതാവ് കേന്ദ്ര ടെലികമ്മ്യൂണിക്കേഷൻ വകുപ്പിന്റെ (DoT) ലൈസൻസ് വാങ്ങേണ്ടതുണ്ട്. മൊബൈൽ ടവറിൽ നിന്നുള്ള വികിരണം (radiation) സംബന്ധിച്ച 'International Commission on Non-lonising Radiation Protection' (ICNIRP) നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അനുസരിച്ചാണ് ടെലികോം ടവറുകളുടെ രൂപരേഖ തയ്യാറാക്കേണ്ടതും പ്രവർത്തിപ്പിക്കേണ്ടതും, ഇതിന്റെ മേൽനോട്ടത്തിനായി പ്രാദേശികമായി Telecom Enforcement Resource & Monitoring Cell (TERM) ന് രൂപം കൊടുത്തിട്ടുണ്ട്. കേരളം ഉൾപ്പെടുന്ന പ്രദേശത്തിന്റെ ഓഫീസ് എറണാകുളത്താണ് സ്ഥിതി ചെയ്യുന്നത്. പുതുതായി (2010-മേയ് 8-നു ശേഷം) നിർമ്മിയ്ക്കുന്ന എല്ലാ ടവറുകളും വികിരണം സംബന്ധിച്ച പത്രിക TERM ന് സമർപ്പിച്ചാൽ മാത്രമേ പ്രവർത്തിപ്പിയ്ക്കാവൂ.

b. സംസ്ഥാന തദ്ദേശ ഭരണ വകുപ്പിന്റെ അനുമതി

കേന്ദ്ര ടെലികമ്മ്യൂണിക്കേഷൻ വകുപ്പിന്റെ ലൈസൻസ് ലഭിച്ച നിർമ്മാതാവ് സംസ്ഥാനത്ത് നിലവിലുള്ള കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ (Kerala Municipal Building Rules) അടിസ്ഥാനത്തിൽ അതാത് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ എന്നിവിടങ്ങളിൽ മൊബൈൽ ടവർ നിർമ്മാണം സംബന്ധിച്ച അപേക്ഷ നൽകേണ്ടതാണ്. പ്രസ്തുത അപേക്ഷ പരിഗണിച്ച് അനുമതി നൽകുന്ന അവസരത്തിൽ ഇതോടനുബന്ധിച്ച് എയർപോർട്ട് അതോറിറ്റി (ടവർ ഉയരം സംബന്ധിച്ച്), വൈദ്യുതി ബോർഡ് (വൈദ്യുതി ലൈൻ ക്ലിയറൻസ് സംബന്ധിച്ച്) പ്രതിരോധ മന്ത്രാലയം (സ്ഥാപനങ്ങളുടെ സാമീപ്യം സംബന്ധിച്ച്) മുതലായ സ്ഥാപനങ്ങളുടെ അനുമതികൾ ആവശ്യമാണോയെന്ന് കൂടി നോക്കിയശേഷമാണ് അന്തിമ അനുമതി നൽകുന്നത്.

(ബി) മൊബൈൽ ടവറുകളെ സംബന്ധിച്ച് കേന്ദ്ര ടെലികോം

(ബി) പരിശോധിച്ചിട്ടുണ്ട്. കേരളത്തിൽ മൊബൈൽ ടവർ സ്ഥാപിക്കുന്നതിനുള്ള വ്യവസ്ഥകൾ കെട്ടിട നിർമ്മാണ

• വകുപ്പ് പുറത്തിറക്കിയ പുതിയ നയം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങളിൽ കേന്ദ്ര ടെലികോം വകുപ്പിന്റെ പുതിയ നയം അനുസരിച്ച് അത്യാവശ്യ മാറ്റങ്ങൾ വരുത്തുന്നതിനായി 12.11.12 ൽ ഐ.ടി. വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ കൂടിയ യോഗത്തിൽ തീരുമാനിക്കുകയും തദ്ദേശ സ്വയംഭരണ വകുപ്പിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാനത്ത് വ്യാപകമായി മൊബൈൽ ടവറുകൾ ഉയർന്നു വരുന്നത് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകുമെന്നത് ഗൗരവമായി ശ്രദ്ധിച്ചിട്ടുണ്ടോ;

(സി) ഉണ്ട്.

(ഡി) ഒരു കിലോമീറ്റർ ചുറ്റളവിൽ ഒരു ടവർ എന്ന വ്യവസ്ഥ നിലവിലുണ്ടോ; എങ്കിൽ ഇത് പാലിക്കപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ?

(ഡി) മൊബൈൽ ടവറുകളിൽ ഘടിപ്പിച്ചിട്ടുള്ള ആന്റിനയുടെ ഉയരം, എണ്ണം എന്നിവ അടിസ്ഥാനപ്പെടുത്തി, അതിനു നേരെ വരുന്ന കെട്ടിടങ്ങളുടെ ദൂരമാണ് നിജപ്പെടുത്തിയിരിക്കുന്നത്. അതു സംബന്ധിച്ച വ്യവസ്ഥ താഴെചേർക്കുന്നു.

| ആന്റിനയുടെ എണ്ണം (ഒരേ ദിശയിൽ) | കെട്ടിടങ്ങൾക്കും നിർമ്മാണങ്ങൾക്കും ഏറ്റവും താഴെയുള്ള ആന്റിനയിൽ നിന്നു നേരെയുള്ള ദൂരം (മീറ്ററിൽ) |
|---|---|
| 2 | 35 |
| 4 | 45 |
| 6 | 55 |
| 8 | 65 |
| 10 | 70 |
| 12 | 75 |

ഒരേ ദിശയിലാകാതെ വിവിധ ദിശകളിലായിട്ടാണ് സാധാരണ ആന്റിനകൾ ഒറ്റ ടവറിൽ സ്ഥാപിക്കുന്നത്. എല്ലാ ഭാഗങ്ങളിലും തടസ്സങ്ങൾ ഉള്ള പക്ഷം, ടവർ സുരക്ഷിതമായ മറ്റ് സ്ഥലത്തേക്ക് മാറ്റേണ്ടതാണ്.

സെക്ഷൻ ഓഫീസർ